**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1559

14.12.2012 ലെ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമത്തിനുള്ള പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) എല്ലാ ജില്ലകളിലും കോച്ചിംഗ് സെന്ററുകളും ഉപ കേന്ദ്രങ്ങളും സ്ഥാപിക്കൽ , സംസ്ഥാന മൈനോരിറ്റി ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ , പോലീസ്/അർദ്ധ സൈനിക റിക്രൂട്ട്മെന്റിന് പരിശീലനം, മൈനോരിറ്റി പ്രമോട്ടർമാരുടെ നിയമനം, സ്ത്രീ സ്വയം സഹായ സംഘങ്ങൾ മുഖേന സ്ത്രീ ശാക്തീകരണം, മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പലിശരഹിതമാക്കിയത്, 2011-12 വർഷം 9-ാം ക്ലാസ്സിൽ പഠിച്ചിരുന്ന തെരഞ്ഞെടുക്കപ്പെട്ട 7599 ബി.പി.എൽ ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനമേശയും കസേരയും വിതരണ പദ്ധതി, വിവാഹമോചിതരും, കഴിഞ്ഞ 5 വർഷമായി പുനർ വിവാഹിതരല്ലാത്തവരുമായ ന്യൂനപക്ഷ വനിതകൾക്കുള്ള പാർപ്പിടപദ്ധതി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിപാടി, തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് എഞ്ചിനീയറിംഗ്/ഓട്ടോകാഡ് പരിശീലനം, സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിന്റെ വരുമാന പരിധിയും സ്കോളർഷിപ്പ് തുകയും വർദ്ധിപ്പിച്ചത് തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (ബി) ഏതെല്ലാം സ്ഥാപനങ്ങൾ മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ? | (ബി) സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് കോളേജ് വിദ്യാഭ്യാസ വകപ്പിന് കീഴിലുള്ള സ്പെഷ്യൽ ഓഫീസർ വഴിയും മറ്റ് പദ്ധതികൾ മൈനോരിറ്റി വെൽഫയർ ഡിപ്പാർട്ട്മെന്റ് നേരിട്ടും നടപ്പിലാക്കുന്നു |

സെക്ഷൻ ഓഫീസർ